# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 585

24.01.2018 ൽ മറുപടിക്ക്

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് അവയെ സ്വകാര്യവത്ക്കരിക്കുവാനുള്ള നീക്കം ഉണ്ടോ ; എങ്കിൽ പ്രസ്തുത നീക്കം സംസ്ഥാനത്തെ തൊഴിലാളികളുടെ താത്പര്യങ്ങൾക്ക് എതിരായി ഭവിക്കുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ 'ഓഹരി വിറ്റഴിക്കൽ' നടപടികൾക്കെതിരെ അതാതു സന്ദർഭങ്ങളിൽ സംസ്ഥാന സർക്കാരിന്റെ അശങ്കയും അപേക്ഷയും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിച്ചു വരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ട്, എച്ച് ഒ സി എൽ, ബി ഇ എം എൽ, എച്ച് എൻ എൽ, കൊച്ചിൻ കപ്പൽ നിർമ്മാണശാല തുടങ്ങിയ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പുവരുത്തുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് 2017 മാർച്ച് 13 ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിനു കഴിയാവുന്ന എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നതാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് ഏറ്റെടുക്കാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നത സമിതി |
| (ബി) | കൊച്ചിൻ കപ്പൽ നിർമ്മാണ ശാലയുടെ ഓഹരി വിറ്റഴിക്കുവാനുള്ള കേന്ദ്ര തീരുമാനം പുന:പരിശോധിക്കണമെന്ന പ്രമേയം 27.10.2016 ൽ കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കി കേന്ദ്രത്തിന് അയച്ചുകൊടുത്തുവെങ്കിലും കേന്ദ്ര സർക്കാർ മുൻ തീരുമാന പ്രകാരം കപ്പൽ നിർമ്മാണ ശാലയുടെ 25 ശതമാനം ഓഹരികൾ വിറ്റത് സംസ്ഥാന താത്പര്യങ്ങൾക്ക് എതിരായതിനാൽ ഇക്കാര്യത്തിൽ സർക്കാരിനുള്ള എതിർപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ ; | | |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാരുമായി നടത്തുന്ന ചർച്ച പൂർത്തിയായി വരുന്നു. |
| (സി) | എച്ച് എൻ എൽ ന്റെ ഓഹരികൾ വിൽക്കുന്നതിൽ നിന്നും പിൻമാറണമെന്നും കമ്പനിയുടെ കടബാധ്യത തീർക്കുവാൻ 100 കോടി രൂപ റവന്യൂ ഗ്രാന്റായി / ലോണായി അനുവദിക്കണമെന്നും സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള പ്രതികരണം എന്തായിരുന്നു; വ്യക്തമാക്കാമോ ? | (സി) | അറിയിച്ചിട്ടുണ്ട്. എന്നാൽ 09.01.2018 ലെകേന്ദ്ര ഗവൺമെന്റിന്റെ കത്തിൽ ഓഹരിവിറ്റഴിക്കൽ നടപടികൾ തുടരുകയാണെന്നും ഇത് ' ഓപ്പൺ ബിഡിങ്ങ്' വഴി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും സംസ്ഥാനഗവൺമെന്റിനെ ബിഡ് പ്രോസസിങ്ങിനായി ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |

Bindu.T

**സെക്ഷൻ ഓഫീസർ**